# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 8 : 26/09/2011 -ൽ മറുപടിക്ക്

## മണിചെയിൻ മാതൃകയിൽ സാമ്പത്തിക ഇടപാടുകൾ

ചോദ്യം | ഉത്തരം

ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം:

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണിചെയിൻ മാതൃകയിൽ സംസ്ഥാനത്ത് നടന്നു വരുന്ന സാമ്പത്തിക ഇടപാടുകളും അവയുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിവിധ പേരുകളിൽ അറിയിപ്പെടുന്നതും കേരളത്തിൽ പ്രവർത്തിച്ചു വരുന്നതുമായ ഇത്തരം സാമ്പത്തിക ഇടപാടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) | നെറ്റ് വർക്ക് മാർക്കറ്റിംഗ്, മണി ചെയിൻ എന്നീ പേരുകളിലാണ് കേരളത്തിൽ വിവിധ കമ്പനികൾ സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്നത്. വളരെ എളുപ്പത്തിൽ പണമുണ്ടാക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗങ്ങളായിട്ടാണ് നെറ്റ് വർക്ക് മാർക്കറ്റിംഗ്, മണിചെയിൻ എന്നിവയെ വിവിധ കമ്പനികൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നത്. കൃത്യമായ രജിസ്ട്രേഷനോ നിയമപരമായ മാർക്കറ്റിംഗ് വ്യവസ്ഥകളോ പാലിക്കപ്പെടാതെ നിക്ഷേപകർ വഞ്ചിക്കപ്പെടുന്ന ഒരു ബിസിനസ് ആണ് നെറ്റ് വർക്ക് മാർക്കറ്റിംഗ്. ഉൽപ്പന്നങ്ങൾ വിൽക്കാനല്ലാതെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ |

| | | | |
|---|---|---|---|
| | | | Multi Level Marketing (MLM) ഉപയോഗിക്കുന്നത് ഇൻഡ്യ അടക്കമുള്ള പല രാജ്യങ്ങളിലും കുറ്റകരമാണ്. |
| (സി) | ഇത്തരം ഇടപാടുകാർ സംസ്ഥാനത്ത് നിർബാധം പ്രവർത്തിച്ചു വരുന്നത് എന്തുകൊണ്ടാണ് എന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ; | (സി) | ജനങ്ങൾക്കിടയിൽ ഇത്തരം തട്ടിപ്പുകളെക്കുറിച്ച് വേണ്ടത്ര അവബോധമില്ലാത്തതിനാലാണ് ഇത്തരം തട്ടിപ്പുകാർ സംസ്ഥാനത്ത് നിർബാധം പ്രവർത്തിക്കുന്നത്.<br>പത്ര-ദൃശ്യ മാധ്യമങ്ങളി ലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്ന തിനായി നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ നടക്കുവാനുള്ള സാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ രഹസ്യ പോലീസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ച് നടപടി എടുത്തു വരുന്നുണ്ട്. |
| (ഡി) | എത്ര കോടി രൂപയുടെ തട്ടിപ്പുകൾ ഈ രംഗത്ത് ഇതിനകം നടന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്; ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്; | (ഡി) | നിലവിൽ ലഭ്യമായ വിവരം അനുസരിച്ച് ഏകദേശം 1,13,36,59,527/- രൂപയുടെ തട്ടിപ്പുകൾ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 26/06/2011 വരെ സംസ്ഥാനത്ത് 280 കേസുകൾ വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. തട്ടിപ്പു നടത്തിയ സ്ഥാപനങ്ങളുടെ പേരും ഇതു സംബന്ധിച്ച് വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരവും അനുബന്ധം 1 - ൽ ചേർത്തിരിക്കുന്നു. |
| (ഇ) | തട്ടിപ്പുകളെ ഫലപ്രദമായി നേരിടുന്നതിനുതകുന്ന എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | നെറ്റ് വർക്ക് മാർക്കറ്റിംഗ്, മണിചെയിൻ തുടങ്ങിയവയുടെ പേരിൽ സംസ്ഥാനത്ത് നടന്നിട്ടുള്ള തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്ക്കർഷിച്ചുകൊണ്ട് എല്ലാ ജില്ലാപോലീസ്മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത തട്ടിപ്പുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എല്ലാ കേസുകളും സി. ബി. സി. ഐ. ഡി (EOW) യ്ക്ക് കൈമാറുവാൻ നിർദ്ദേശം നൽകുകയും അന്വേഷണ ത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും എ. ഡി. ജി. പി (ക്രൈംസ്) നെ ഏൽപ്പിക്കു കയും ചെയ്തിട്ടുണ്ട്. ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും വ്യാജ ബാങ്ക് അക്കൗണ്ടുകളെപ്പറ്റി റിസർവ്വ് ബാങ്കിനെ അറിയിക്കുവാനും തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ്സൈറ്റുകൾ, സെർവറുകൾ എന്നിവ കണ്ടെത്തി കമ്പ്യൂട്ടറുകൾ പിടിച്ചെടുക്കുവാനും എസ് എം എസ് -കളുടെ ഉറവിടങ്ങൾ കണ്ടെത്തി വ്യാപകമായ അന്വേഷണം നടത്തുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പുകളി ലൂടെ പ്രതികൾ സമ്പാദിച്ച വസ്തുവകകൾ ക്രയവിക്രയം നടത്താതിരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട സബ് രജിസ്ട്രാർക്കും വില്ലേജ് ഓഫീസർമാർക്കും ജില്ലാ പോലീസ് മേധാവികൾ മുഖേന നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ ദ്രുതഗതിയിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതികളുടെ പാസ്പോർട്ടിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് പാസ്പോർട്ട് ഓഫീസർക്ക് |

| | | | |
|---|---|---|---|
| | | | വിശദവിവരങ്ങൾ കൈമാറിയിട്ടുണ്ട്. എമിഗ്രേഷൻ വിംഗിന് പ്രതികളുടെ വിവരങ്ങൾ കൈമാറിക്കൊണ്ടിരിക്കുകയാണ്. ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ നടക്കുവാനുള്ള സാധ്യതയുണ്ടോ തുടങ്ങിയ കാര്യങ്ങൾ രഹസ്യ പോലീസ് വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ച് നടപടി എടുത്തു വരുന്നുണ്ട്.<br>കൂടാതെ കേരളത്തിനകത്തെ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ്സ് ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ്) എന്ന ഒരു സമഗ്ര നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.<br>ശരിയായ രീതിയിൽ ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ മണിചെയിൻ തട്ടിപ്പുകേസുകൾ കൈകാര്യം ചെയ്യുന്നതിനും സത്യസന്ധമായ ഡയറക്ട് മാർക്കറ്റിംഗ് തടസ്സമില്ലാതെ നടത്തുന്നതിനും ഫലപ്രദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി. അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തര വിജിലൻസ് വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായ വകുപ്പ്) - കൺവീനർ, സെക്രട്ടറി (നിയമവകുപ്പ്), ഡയറക്ടർ ജനറൽ ഓഫ് പോലീസ് എന്നിവരടങ്ങിയ സമിതിയെ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ ശുപാർശ പ്രകാരം ഡയറക്ട് സെല്ലിംഗ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 12.9.2011ലെ ജി.ഒ(എം.എസ്)നം.190/11/വ്യവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.